**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3623** **12-03-2025 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റി കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിക്കേറ്റ മർദ്ദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിയെ പ്രമുഖ വിദ്യാർഥി സംഘടനയുടെ നേതാക്കൾ ക്രൂരമായി മർദ്ദിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾ അതേ കോളേജിലെ ഭിന്നശേഷിക്കാരൻ ആയ വിദ്യാർത്ഥിയെ മർദ്ദിച്ച എന്ന പരാതിയിന്മേൽ പോലിസ് അന്വേഷണം നടന്നുവരികയാണ്. |
| (ബി) | ഇതേ സംഘടനയുടെ പ്രവർത്തകനായ പ്രസ്തുത വിദ്യാർഥിയെ കോളേജിലെ യൂണിയൻ റൂമിൽ കൊണ്ടുപോയി മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിദ്യാർത്ഥി പോലിസിന് പരാതി സമർപ്പിച്ചതിനെത്തുടർന്ന് പോലീസ് അന്വേഷണവും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് പരാതി സമർപ്പിച്ചതിനെത്തുടർന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് തല അന്വേഷണവും നടത്തിയിരുന്നു. |
| (സി) | വിദ്യാർഥിയുടെ പരാതിയെക്കുറിച്ച് വസ്തുനിഷ്ഠമായ അന്വേഷണം നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ കണ്ടെത്തലുകളും നിഗമനങ്ങളും ചുവടെ ചേർക്കുന്നു.<br><br>വിവിധ ദിവസങ്ങളിലായി നടത്തിയ അന്വേഷണത്തിലും ഹിയറിങ്ങുകളിലുമായി കോളേജ് പ്രിൻസിപ്പലിനെയും 11 അധ്യാപകരെയും 13 വിദ്യാർത്ഥികളെയും നേരിൽ കേൾക്കുകയുണ്ടായി. കുറ്റാരോപിതരെയും സാക്ഷികളെയും വിദ്യാർത്ഥികളെയും നേരിൽകേട്ടതിൽ നിന്നും, മൊഴികൾ പരിശോധിച്ചതിൽ നിന്നും ശ്രീ. മുഹമ്മദ് അനസിനെ വിദ്യാർത്ഥികൾ കോളേജ് യൂണിയൻ റൂമിലേക്ക് ഷർട്ടിൽ പിടിച്ച് കൊണ്ടുപോകുന്നതായി കണ്ടത് 3 വിദ്യാർത്ഥികൾ ആണെന്ന് പരാതിക്കാരൻ പറഞ്ഞിരുന്നുവെങ്കിലും ഒരു വിദ്യാർത്ഥി മാത്രമാണ് അത്തരത്തിൽ മൊഴി തന്നിട്ടുള്ളത്. എന്നാൽ |

അപ്രകാരം സംഭവം ഉണ്ടായിട്ടില്ലെന്നും ശ്രീ. മുഹമ്മദ് അനസ് ഇടയ്ക്കിടയ്ക്ക് യൂണിയൻ റൂമിൽ വന്ന് നോക്കുക മാത്രമാണ് ഉണ്ടായത് എന്നും സാക്ഷികളായ മറ്റു വിദ്യാർത്ഥികളുടെ മൊഴികളും ഉണ്ട്. ആയതിനാൽ പരാതിക്കാരനെ യൂണിയൻ റൂമിലേക്ക് പിടിച്ചു കൊണ്ടുപോയി എന്നത് പൂർണ്ണമായും വസ്തുതാപരമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ശ്രീ. മുഹമ്മദ് അനസിന് അന്നേദിവസം മർദ്ദനമേറ്റതായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നുള്ള ആക്സിഡന്റ് രജിസ്റ്റർ കം വൂണ്ഡ് സർട്ടിഫിക്കറ്റിൽ നിന്നും അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ശ്രീ മുഹമ്മദ് അനസിന് ഉണ്ടായ പരിക്കുകൾ കോളേജിലെ യൂണിയൻ റൂമിൽ വച്ചാണോ മറ്റ് മൊഴികളിൽ പറയുന്ന രീതിയിൽ അന്നേ ദിവസം തന്നെ നടന്ന ശ്രീ വിഷ്ണു വിനോദുമായുള്ള സംഘർഷത്തിൽ സംഭവിച്ചതാണോ അതേ ദിവസം തന്നെ മറ്റേതെങ്കിലും പ്രശ്നത്തിൽ സംഭവിച്ചതാണോ എന്നതിന്റെ തെളിവുകളും ലഭിച്ചില്ല. അന്നേ ദിവസം വൈകുന്നേരം ശ്രീ. മുഹമ്മദ് അനസ് ശ്രീ വിഷ്ണു വിനോദ് എന്ന മറ്റൊരു വിദ്യാർത്ഥിയെ മർദ്ദിച്ചിരുന്നു എന്ന് ഒട്ടനവധി വിദ്യാർത്ഥികൾ മൊഴി നൽകിയിട്ടുമുണ്ട്.

ഇതേ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് ശാസ്ത്രീയവും വസ്തുതാപരവുമായ പോലീസ് അന്വേഷണം ആവശ്യമാണെന്ന് കാണുന്നതായും ബഹു മനുഷ്യാവകാശ കമ്മീഷനെ ബോധിപ്പിച്ചിട്ടുണ്ട്.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജിലെ രണ്ടാംവർഷ ഇസ്ലാമിക് ഹിസ്റ്ററി വിദ്യാർത്ഥിയായ ശ്രീ മുഹമ്മദ് അനസ്. എ-യെ അതേ കോളേജിലെ തന്നെ നാല് വിദ്യാർത്ഥികൾ 02.12.2024 തീയതിയിൽ മർദ്ദിച്ചു എന്ന പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ട്**

തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജിലെ രണ്ടാംവർഷ ഇസ്ലാമിക് ഹിസ്റ്ററി വിദ്യാർത്ഥിയായ ശ്രീ മുഹമ്മദ് അനസ്. എ-യെ കോളേജിലെ യൂണിയൻ റൂമിൽ വച്ച് അതേ കോളേജിലെ തന്നെ നാല് വിദ്യാർത്ഥികൾ **02.12.2024** തീയതിയിൽ മർദ്ദിച്ചു എന്ന പരാതിയിൻമേൽ അടിയന്തരമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു: മനുഷ്യാവകാശ കമ്മീഷന്റെ **13.12.2024** തീയതിയിലെ **9148/11/12/24/TVM** നമ്പർ കത്ത് ഈ കാര്യാലയത്തിൽ **18.12.2024** തീയതിയിൽ ലഭിച്ചു.

മേൽ പരാതിയിൽ കോളേജ് തലത്തിൽ നടത്തിയ നടപടികളുടെ ഭാഗമായി കോളേജിൽ തുടർന്ന് ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി ആരോപണ വിധേയരായ നാല് വിദ്യാർത്ഥികളെയും സസ്പെൻഡ് ചെയ്തിരുന്നു. കോളേജ് ഡിസിപ്ലിൻ കമ്മിറ്റി അന്വേഷണം തുടർന്നിരുന്നു. പോലീസ് ഈ വിഷയത്തിൽ അന്വേഷണം ആരംഭിച്ചിരുന്നു. കുറ്റാരോപിതരായ വിദ്യാർഥികളെ അറസ്റ്റ് ചെയ്യുന്നത് തടയുന്നതിനായി വിദ്യാർത്ഥികൾ കോടതിയിൽ നിന്നും ആദ്യം നോ അറസ്റ്റ് ഉത്തരവ് സമ്പാദിക്കുകയും ചെയ്തു.

ശ്രീ മുഹമ്മദ് അനസ് ബഹു: ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയുടെ പകർപ്പ് മേലെഴുത്ത് പ്രകാരം ലഭിച്ചതിനെത്തുടർന്ന് ഈ പരാതി സംബന്ധിച്ച് അന്വേഷിക്കുന്നതിന് വകുപ്പ് തലത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് പരാതിക്കാരനായ ശ്രീ മുഹമ്മദ് അനസിനെ നേരിൽ കേട്ട്. **18.12.2024**ന് ഉച്ചയ്ക്ക് ശേഷം **3.30** മണിക്ക് ശ്രീ മുഹമ്മദ് അനസ് ഡയറക്ടർ മുൻപാകെ നേരിട്ട് ഹാജരായി ആവലാതികൾ ബോധിപ്പിക്കുകയുണ്ടായി. പരാതി സംബന്ധിച്ച വിശദാംശങ്ങൾ എഴുതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തന്നെ വിദ്യാർത്ഥികൾ മർദ്ദിച്ചതായി ശ്രീ മുഹമ്മദ് അനസ്, വിശദീകരിക്കുകയും പരാതിയിൽ ഉറച്ചു നിൽക്കുകയും ചെയ്യുകയാണുണ്ടായത്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ **19.12.2024**ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നേരിട്ട് എത്തി കോളേജ് പ്രിൻസിപ്പൽ, ഡിസിപ്ലിൻ കമ്മിറ്റി കൺവീനർ, സ്റ്റാഫ് അഡ്വൈസർ തുടങ്ങിയ ബന്ധപ്പെട്ട അധ്യാപകരോടും യൂണിയൻ ഭാരവാഹിയായ വിദ്യാർത്ഥിനിയോടും

പരാതിക്കാരനായ വിദ്യാർത്ഥിയോടും സഹപാഠിയോടും വിശദാംശങ്ങൾ തേടുകയും സംഭവസ്ഥലങ്ങളും യൂണിയൻ റൂമും നേരിട്ട് പരിശോധിച്ച് പ്രാഥമികമായ അന്വേഷണം നടത്തുകയും ചെയ്തു. ആരോപണ വിധേയരായ വിദ്യാർത്ഥികളെ നേരിൽ കേൾക്കുന്നതിന് വേണ്ടി കോളേജ് പ്രിൻസിപ്പൽ മുഖേന അറിയിപ്പ് നൽകുകയും ഇവർ കോളേജിൽ ഹാജരാകുന്നത് ഒഴിവാക്കിക്കൊണ്ട് 04.1.2025 തീയതിയിൽ ഡയറക്ടർ മുൻപാകെ നേരിട്ട് ഹാജരായി അന്വേഷണത്തിൽ പങ്കെടുക്കുകയുണ്ടായി. ഓരോ വിദ്യാർത്ഥിയെയും പ്രത്യേകം പ്രത്യേകം വിശദമായി ചോദ്യം ചെയ്യുകയും ഇവർക്ക് ബോധിപ്പിക്കാനുള്ള കാര്യങ്ങൾ നാലു വിദ്യാർത്ഥികളിൽ നിന്നും എഴുതി വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇരുഭാഗത്തെയും വിദ്യാർത്ഥികളുടെ മൊഴികളിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് വിദ്യാർത്ഥികളെ നേരിൽ കേൾക്കുകയും അവരുടെയും മൊഴി എഴുതി വാങ്ങുകയും ചെയ്തു.

<u>പരാതിക്കാരന്റെയും ആരോപണ വിധേയരുടെയും മൊഴികളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

പരാതിക്കാരനായ ശ്രീ മുഹമ്മദ് അനസിന്റെ മൊഴിയിൽ താൻ ഭിന്നശേഷിക്കാരൻ ആണെന്നും യൂണിയനുമായി ബന്ധപ്പെട്ട ജോലികൾ ഒന്നും ചെയ്യിക്കരുതെന്ന് നാട്ടിൽ നിന്നും കോളേജ് യൂണിയനെ അറിയിച്ചിരുന്നെന്നും എന്നാൽ അഡ്മിഷന് നാലുമാസങ്ങൾക്ക് ശേഷം ഡിപ്പാർട്ട്മെന്റ് വൃത്തിയാക്കാൻ ആവശ്യപ്പെട്ടുവെന്നും മരത്തിൽ കയറി കൊടി തോരണങ്ങൾ കെട്ടുന്നതിന് ആവശ്യപ്പെട്ടുവെന്നും പിന്നീട് പലപ്പോഴും തന്റെ ശാരീരിക പരിമിതിയെക്കുറിച്ച് പറഞ്ഞു കളിയാക്കുകയും ചെയ്തിട്ടുണ്ടെന്ന് മൊഴിയിൽ പറയുന്നു. രണ്ടാം വർഷ ക്ലാസുകൾ തുടങ്ങിയതിനുശേഷം കുറച്ച് മാസങ്ങളായി ഉപദ്രവം ഇല്ലാതിരുന്നു എന്നും പിന്നീട് 02.12.2024 തീയതിയിൽ വൈകുന്നേരം ബി.എ ഫിലോസഫി വിദ്യാർത്ഥികളായ രണ്ടുപേരുടെ വാക്ക് തർക്കം കോളേജ് ഗേറ്റിന് സമീപം വച്ച് ഉണ്ടാവുകയും തുടർന്ന് എസ്എഫ്ഐ യൂണിറ്റ് അംഗങ്ങൾ തന്റെ ഷർട്ടിൽ പിടിച്ച് വലിച്ചു യൂണിയൻ റൂമിൽ കൊണ്ടുപോവുകയും യൂണിറ്റ് പ്രസിഡണ്ടായ ശ്രീ അമൽ ചന്ദ്, യൂണിറ്റ് സെക്രട്ടറി ശ്രീ വിധു ഉദയ, ശ്രീ മിഥുൻ, ശ്രീ അലൻ എന്നിവർ മർദ്ദിച്ചതായി അറിയിക്കുകയും മൊഴിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കുറ്റാരോപിതനായ ശ്രീ അമൽ ചന്ദ് സമർപ്പിച്ച മൊഴിയിൽ, കോളേജിൽ സംഘർഷം നടന്ന സമയത്ത് താൻ ക്യാമ്പസിൽ ഇല്ലായിരുന്നു എന്നും മുൻ വൈരാഗ്യം വച്ച് മനപ്പൂർവ്വം കൊടുത്ത വ്യാജ പരാതിയാണെന്നും താൻ നിരപരാധിയാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

കുറ്റാരോപിതനായ ശ്രീ മിഥുൻ കൃഷ്ണ സമർപ്പിച്ച മൊഴിയിൽ, കോളേജിൽ

വാക്ക് തർക്കം നടന്ന ഫിലോസഫി വിദ്യാർത്ഥികളായ ശ്രീ മിലൻ, ശ്രീ അർജുൻ എന്നീ വിദ്യാർത്ഥികളോട് യൂണിയൻ റൂമിൽ വച്ച് സംസാരിക്കുക മാത്രമാണ് ഉണ്ടായതെന്നും ശ്രീ മുഹമ്മദ് അനസിനെ മർദ്ദിക്കുകയോ വാക്കാൽ പോലും ഉപദ്രവിക്കുകയോ ചെയ്തിട്ടില്ലെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

കുറ്റാരോപിതനായ ശ്രീ അലൻ ജമാൽ സമർപ്പിച്ച മൊഴിയിൽ, ശ്രീ മുഹമ്മദ് അനസ്സിനെയോ സുഹൃത്തിനെയോ മർദ്ദിച്ചിട്ടില്ലെന്നും ഫിലോസഫി വിദ്യാർത്ഥികളായ ശ്രീ മിലൻ, ശ്രീ അർജുൻ എന്നിവരുടെ വാക്കു തർക്കത്തിനിടയിൽ വച്ച് ശ്രീ മുഹമ്മദ് അനസ് നിരപരാധിയായ ശ്രീ വിഷ്ണു വിനോദ് എന്ന വിദ്യാർത്ഥിയെ മർദ്ദിക്കുകയും ആണ് ഉണ്ടായത് എന്നും അറിയിച്ചിരിക്കുന്നു. ശേഷം യൂണിയൻ റൂമിൽ എത്തിയപ്പോൾ ശ്രീ. മുഹമ്മദ് അനസ് അവിടെ ഇല്ലായിരുന്നു എന്നും പ്രശ്നത്തിന് മൂലകാരണക്കാരായ ശ്രീ മിലൻ, ശ്രീ അർജുൻ എന്നീ ഫിലോസഫി വിദ്യാർഥികളോട് യൂണിയൻ റൂമിൽ വച്ച് സംസാരിക്കുക മാത്രമാണ് ഉണ്ടായതെന്നും എന്നാൽ ഇത്തരത്തിൽ ഒരു പരാതി ശ്രീ മുഹമ്മദ് അനസ് എന്തിനാണ് നൽകിയത് എന്ന് മനസ്സിലാകുന്നില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

കുറ്റാരോപിതനായ ശ്രീ വിധു ഉദയ സമർപ്പിച്ച മൊഴിയിൽ, കോളേജിൽ വാക്ക് തർക്കം നടക്കുന്ന സമയത്ത് അമ്മയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ആശുപത്രിയിലായിരുന്നു എന്നും താൻ യൂണിയൻ റൂമിൽ എത്തിയപ്പോൾ ശ്രീ മുഹമ്മദ് അനസിനെ അന്ന് കണ്ടിട്ടില്ല എന്നും എന്നും ശ്രീ മുഹമ്മദ് അനസുമായി യാതൊരുവിധ പ്രശ്നങ്ങളോ വൈരാഗ്യമോ ഇല്ല എന്നും മുഹമ്മദ് അനസ് പരാതിപ്പെട്ടിരിക്കുന്ന തരത്തിലെ യാതൊരു പ്രശ്നവും കോളേജിൽ ഉണ്ടായിട്ടില്ല എന്നും മൊഴിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

<u>അന്വേഷണത്തിന്റെ കണ്ടെത്തലുകളും നിഗമനങ്ങളും ചുവടെ ചേർക്കുന്നു.</u>
വിവിധ ദിവസങ്ങളിലായി നടത്തിയ അന്വേഷണത്തിലും ഹിയറിങ്ങുകളിലുമായി കോളേജ് പ്രിൻസിപ്പലിനെയും 11 അധ്യാപകരെയും മറ്റ് 13 വിദ്യാർത്ഥികളെയും നേരിൽ കേൾക്കുകയുണ്ടായി. കുറ്റാരോപിതരെയും സാക്ഷികളെയും വിദ്യാർത്ഥികളെയും നേരിൽകേട്ടതിൽ നിന്നും മൊഴികൾ പരിശോധിച്ചതിൽ നിന്നും ശ്രീ മുഹമ്മദ് അനസിനെ വിദ്യാർത്ഥികൾ കോളേജ് യൂണിയൻ റൂമിലേക്ക് ഷർട്ടിൽ പിടിച്ച് കൊണ്ടുപോകുന്നതായി കണ്ടത് 3 വിദ്യാർത്ഥികൾ ആണെന്ന് പരാതിക്കാരൻ പറഞ്ഞിരുന്നുവെങ്കിലും ഒരു വിദ്യാർത്ഥി മാത്രമാണ് അത്തരത്തിൽ മൊഴി തന്നിട്ടുള്ളത്. എന്നാൽ അപ്രകാരം സംഭവം ഉണ്ടായിട്ടില്ലെന്നും ശ്രീ മുഹമ്മദ് അനസ് ഇടയ്ക്കിടയ്ക്ക് യൂണിയൻ

റൂമിൽ വന്ന് നോക്കുക മാത്രമാണ് ഉണ്ടായത് എന്ന് സാക്ഷികളായ മറ്റു വിദ്യാർത്ഥികളുടെ മൊഴികളും ഉണ്ട്. ആയതിനാൽ പരാതിക്കാരനെ യൂണിയൻ റൂമിലേക്ക് പിടിച്ചു കൊണ്ടുപോയി എന്നത് പൂർണ്ണമായും വസ്തുതാപരമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ശ്രീ മുഹമ്മദ് അനസിന് അന്നേദിവസം മർദ്ദനമേറ്റതായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നുള്ള ആക്സിഡൻറ് രജിസ്റ്റർ കം വൂൺഡ് സർട്ടിഫിക്കറ്റിൽ നിന്നും അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ശ്രീ മുഹമ്മദ് അനസിന് ഉണ്ടായ പരിക്കുകൾ കോളേജിലെ യൂണിയൻ റൂമിൽ വച്ചാണോ മറ്റ് മൊഴികളിൽ പറയുന്ന രീതിയിൽ ശ്രീ വിഷ്ണു വിനോദമായുള്ള സംഘർഷത്തിൽ സംഭവിച്ചതാണോ അതേ ദിവസം തന്നെ മറ്റേതെങ്കിലും പ്രശ്നത്തിൽ സംഭവിച്ചതാണോ എന്ന് വ്യക്തമല്ല. കൂടാതെ യൂണിയൻ റൂമിൽ വച്ചും മർദ്ദനം നടന്നതിന്റെ തെളിവുകളും ലഭിച്ചില്ല.

ഇതേ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് ശാസ്ത്രീയവും വസ്തുതാപരവുമായ പോലീസ് അന്വേഷണം ആവശ്യമാണെന്ന് കാണുന്നതായും ബഹു: കമ്മീഷനെ സവിനയം ബോധിപ്പിക്കുന്നു.

Signed by
Sudhir K
Date: 03-02-2025 18:14:20 സുധീർ.കെ IAS
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സെക്ഷൻ ഓഫീസർ